ശ്രീ. എം. എം. തോമസ്: ഗ്രഡല്ലൂരിൽ നിന്നു മലയാളികളെ കുടിയിറക്കുന്നതു സംബന്ധിച്ചു് 29-ാം തീയതി അടിയന്തിരപ്രമേയത്തിനു് നോട്ടീസു് തന്നതിനു് മറുപടി പറഞ്ഞപ്പോഴും, മദ്രാസു് മുഖ്യമന്ത്രിയുമായി സമ്പർക്കം പുലർത്തി വേണ്ടതു ചെയ്യാമെന്നു പറഞ്ഞിരുന്നു. എന്തു നടപടി സ്വീകരിച്ചുവെന്നറിഞ്ഞാൽ കൊള്ളാം.

ഡെപ്യൂട്ടി സ്പീക്കർ: അന്വേഷിച്ചു മറുപടി പറയും.

ശ്രീ. കെ. എം. മാണി: സർ, ശ്രീ. ഇ. ജോൺ ജേക്കബു് ഇവിടെ തന്റെ സബ്മിഷനിലൂടെ പ്രതിഷേധം രേഖപ്പെടുത്തിയപ്പോഴും, സഭയിൽനിന്നു ഒഴിഞ്ഞു നിൽക്കുന്നതും നിൽക്കാതിരിക്കുന്നതും ഓരോരുത്തരുടേയും വ്യക്തിപരമായ സ്വാതന്ത്ര്യമാണെന്നു അങ്ങു പറഞ്ഞു. ലിഖിതമായ നിയമങ്ങൾക്കൊപ്പംതന്നെ ശക്തിയും പ്രാബല്യവുമുള്ള ചില കീഴ്വഴക്കങ്ങളും ഉള്ളപ്പോഴും ആ കീഴ്വഴക്കങ്ങളനുസരിച്ചു് ശ്രീ. വെല്ലിംഗ്ടൻ ഒന്നുകിൽ രാജിവെയ്ക്കുകയോ അല്ലെങ്കിൽ വകുപ്പുകൾ മറ്റാർക്കെങ്കിലും..... .....

ഡെപ്യൂട്ടി സ്പീക്കർ: ആർഡർ, ആർഡർ.

ശ്രീ. കെ. കെ. അബു: ഒരു മന്ത്രിയുടെ.....

ഡെപ്യൂട്ടി സ്പീക്കർ: ആർഡർ, ആർഡർ. സ്പീക്കർ എഴുന്നേറ്റു നില്ക്കുമ്പോഴും, ഒരു പാർട്ടിയുടെ നേതാവു് ഇതുപോലെ പെരുമാറുന്നതു ശരിയല്ല.

2. ADJOURNMENT MOTION

LATHI CHARGE BY POLICE ON THE STUDENTS AND PUBLIC OF PALLIPURAM IN TRIVANDRUM

ഡെപ്യൂട്ടി സ്പീക്കർ: പള്ളിപ്പുറം എന്ന സ്ഥലത്തു വിദ്യാർത്ഥികളുടെ നേരെ പോലീസു് നടത്തിയ ലാത്തിച്ചാർജിനെത്തുടർന്നുണ്ടായ ഗുരുതരാവസ്ഥയെപ്പറ്റി ചർച്ചചെയ്യുന്നതിനു സഭാനടപടികളും നിറുത്തിവെയ്ക്കണമെന്നു കാണിച്ചുകൊണ്ടു് സർവശ്രീ എം. ഹക്കിംജി, പി. എം. അബൂ ബേക്കർ, ടി. എ. മജീദ്, കെ. കരുണാകരൻ എന്നിവർ നോട്ടീസു നൽകിയിട്ടുണ്ടു്. മിനിസ്റ്റർക്കു് എന്താണു് പറയുവാനുള്ളതു്?

ശ്രീമതി കെ. ആർ. ഗൗരി: 29-9-1969-ൽ പള്ളിപ്പുറത്തു് കുറെ കോളേജു് വിദ്യാർത്ഥികളും നാട്ടുകാരും എല്ലാം ചേർന്നു്, അവിടെ ബസു് കിട്ടണമെന്നാവശ്യപ്പെട്ടുകൊണ്ടു് സത്യാഗ്രഹത്തിനു് ഒരുങ്ങുകയും പോലീസു് ഇൻസ്പെക്ടർ അവിടെ പോയി, വേണ്ട നടപടി എടുത്തുകൊള്ളാമെന്നു പറഞ്ഞു് അവരെ പറഞ്ഞുവിടുകയും ചെയ്തതായി കാണുന്നു. പക്ഷേ ഇന്നലെ പത്തിരുന്നൂറാളുകളും ചേർന്നു് ലക്ഷ്മണൻ വൈദ്യൻ, അസനാരുപിള്ള, ശ്രീകുമാരൻ ഇങ്ങനെ കുറെ ആളുകളുടെ നേതൃത്വത്തിൽ റോഡിൽ കുത്തിയിരിപ്പു സത്യാഗ്രഹം നടന്നു. തെക്കുനിന്നും വടക്കുനിന്നും വണ്ടി വന്നതോടുകൂടി അവർ മാറികൊടുക്കണമെന്നാവശ്യപ്പെട്ടുകൊണ്ടു് പോലീസു അവിടെ ചെല്ലുകയും 38 പേരെ അറസ്റ്റു ചെയ്യുകയും ചെയ്തിട്ടുള്ളതായാണു് കാണുന്നതു്. അതിനുശേഷം ഈ ആളുകളും പോലീസുകാരെ കല്ലെറിയുകയും ചെയ്തു. മുഴുവൻ വിവരവും വായിച്ചിട്ടില്ല. റിപ്പോർട്ട് കിട്ടിയിട്ടുണ്ടു്. അതു മുഴുവൻ വായിക്കുവാൻ സമയം കിട്ടിയിട്ടില്ല.

ഡെപ്യൂട്ടി സ്പീക്കർ: പൂർണ്ണവിവരം കിട്ടിയിട്ടു് നാളെ മറുപടി പറഞ്ഞാൽ മതി.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ ടി. എ. മജീദ്: നാളെ പറഞ്ഞാൽ മതി. പക്ഷെ ഒരു കാര്യം പറയാനുണ്ട്. സർക്കിൾ ഇൻസ്പെക്ടറുടെ കഠോരമായ അനാസ്ഥനിമിത്തം സംഘർഷം കൂടുതലുണ്ടാകാൻ ഇടയുള്ളതുകൊണ്ട് അത് ഉടനടി തടയണം. തുടർന്ന് സസ്പെൻസ് നടത്തിയില്ലെങ്കിൽ സ്ഥിതിഗതികൾ കൂടുതൽ മോശമാകാൻ ഇടയുള്ളതുകൊണ്ട് മന്ത്രി ഇടപെട്ട് സസ്പെൻസ് ഉടൻ പുനഃസ്ഥാപിക്കണം. ആളുകളുടെ പേരിൽ കൃത്രിമക്കേസുകൾ ചമയ്ക്കാൻ ശ്രമിച്ചു വരികയാണ്. അങ്ങനെ കൃത്രിമമായി കേസുകളുണ്ടാക്കുന്നതു തടയുകയും വേണം.

ശ്രീ. കെ. കരുണാകരൻ: ഒരു കാര്യം കൂടി അന്വേഷിച്ചാൽ കൊള്ളാം. വിദ്യാർത്ഥികളെ ലോക്കപ്പിലിട്ട് തല്ലിയിട്ടുണ്ട്. അവരെ മർദ്ദിച്ച് അവശരാക്കിത്തീർത്തിട്ടുള്ളതായി അറിയുന്നു. അതിനെപ്പറ്റിയും അന്വേഷിക്കണം.

ശ്രീ. എം. ഹക്കിംജി: സമാധാനപരമായി സമരത്തിനു നേതൃത്വംകൊടുത്തുകൊണ്ടിരുന്ന നേതാക്കളെ സർക്കിൾ ഇൻസ്പെക്ടർ അറസ്റ്റു ചെയ്തതാണ് കുഴപ്പത്തിനു കാരണം. പ്രകോപനപരമായ അവസ്ഥാവിശേഷം ഉണ്ടാക്കിയ സർക്കിൾ ഇൻസ്പെക്ടറുടെ വിവേകരഹിതമായ പെരുമാറ്റത്തിന്റെ ഫലമാണിതെന്നു മനസ്സിലാക്കുമോ ?

ശ്രീമതി കെ. ആർ. ഗൗരി: കിട്ടിയ റിപ്പോർട്ട് മുഴുവൻ ഞാൻ വായിച്ചിട്ടില്ല. രാവിലെ പത്രത്തിൽ ഈ വിവരം കണ്ടു. ശ്രീ. എം. കെ. കൃഷ്ണൻ സുഖമില്ല. അതുകൊണ്ട് ഇത്രയും കാര്യങ്ങൾ മനസ്സിലാക്കിയതാണ്, കൂടുതലായി ഇതേപ്പറ്റി അന്വേഷിക്കാം. ഐ. ജി. യെ വിളിച്ച് അന്വേഷിച്ച് പറയാം.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: പുനരാരംഭിക്കുന്ന ബസ്സ് വീണ്ടും തല്ലിപ്പൊളിക്കാൻ ഇടയാക്കാത്ത വിധത്തിലും നടപടി സ്വീകരിക്കണം.

ശ്രീ. ടി. എ. മജീദ്: നാട്ടുകാരെ തല്ലുന്നതിൽ തെറ്റൊന്നുമില്ലേ? നാട്ടുകാരെ തല്ലാതിരിക്കുകയും വേണം.

ഡെപ്യൂട്ടി സ്പീക്കർ: ആർഡർ, ആർഡർ. പോലീസ് അതിനുള്ളതാണ്. നിയമസമാധാനം പാലിക്കാൻ പോലീസുണ്ട്. അത് അവർ നോക്കിക്കൊള്ളും.

3. CALLING ATTENTION UNDER RULE 61

SATYAGRAHA BY A BATCH OF STUDENTS OF THE SCHOOLS FOR THE BLIND, DEAF AND DUMB IN FRONT OF THE SECRETARIAT

ഡെപ്യൂട്ടി സ്പീക്കർ: കേരളത്തിലെ അന്ധവിദ്യാർത്ഥികൾ ചില അടിയന്തിരാവശ്യങ്ങൾക്കു വേണ്ടി നടത്തിവരുന്ന സത്യാഗ്രഹംമൂലം ഉളവായിരിക്കുന്ന ഗുരുതരാവസ്ഥ ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെടുത്താൻ സർവശ്രീ ടി. എം. മീതിയൻ, എൻ. കെ. ശേഷൻ, എ. എസ്. എൻ. നമ്പീശൻ എന്നിവർ റൂൾ 61 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

ശ്രീ. ടി. എം. മീതിയൻ : കേരളത്തിലെ അന്ധവിദ്യാലയത്തിൽ പഠിക്കുന്ന അന്ധവിദ്യാർത്ഥികൾ ഏതാനും ദിവസമായി സെക്രട്ടേറിയറ്റിനുമുൻപിൽ ഒരു സമരം നടത്തിക്കൊണ്ടിരിക്കുകയാണ്. അവർ ഈ സമരം നടത്തുന്നതു വളരെ നീതിയുക്തമായ ആവശ്യങ്ങൾ സാധിക്കുന്നതിനുവേണ്ടിയാണ്. ജീവിതത്തിനു മറ്റു യാതൊരുവിധ സൗകര്യവുമില്ലാത്ത ഒരു വിഭാഗമാണിതു്. അവർക്കു കിട്ടിക്കൊണ്ടിരിക്കുന്ന മെസ്സ് ആനുകൂല്യങ്ങളും മറ്റും വളരെ ഉച്ച

LIBRARY ARCHIVES Kerala Legislative Assembly